പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2789 — 10.12. 2014 ൽ മറുപടിക്ക്.

## അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) പരിഗണനയിലുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക്, ക്ഷേമനിധിയും നിർബന്ധിത ഉറപ്പാക്കുന്ന കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) അന്തർ സംസ്ഥാന തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ നടത്തുന്നതിനും അന്തർസംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ആശ്വാസധനസഹായം, 5-ൽ കൂടുതൽ അന്തർസംസ്ഥാന തൊഴിലാളികളെ തൊഴിലിനു നിയോഗിച്ചാൽ തൊഴിലാളികൾക്ക് താമസസൗകര്യം തൊഴിലുടമ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) കരട് ബില്ല് മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ